അതിനെതിരായ എല്ലാ നീക്കങ്ങളോടും മതവിശ്വാസികൾക്കും വിദ്യാഭ്യാസ വിചക്ഷണൻമാർക്കും എതിർപ്പുണ്ടെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിയമം കർശനമായി ഗവൺമെൻറ് നടപ്പിലാക്കി വരികയാണ്. അതിൽ അയവു വരുത്തുന്നില്ല.

ഡോ. കെ.സി. ജോസഫ്: പത്തുപന്ത്രണ്ടുവർഷമായി സ്ഥിരമായി പ്രവർത്തിക്കുന്ന ഷാപ്പോ, മദ്യവില്പനശാലയോ ഒരു സ്ഥലത്തുള്ളപ്പോൾ അവിടെ ഒരു വിദ്യാഭ്യാസസ്ഥാപനം, ഒരു നേഴ്സറി സ്കൂളോ മറ്റോ വന്നാൽ ആ ഷാപ്പ് മാറണം എന്നുള്ളതു ഗവൺമെൻറിന്റെ നയമാണോ? പത്തുപന്ത്രണ്ടു വർഷമായി സ്ഥിരമായി ഇരിക്കുന്ന സ്ഥലത്തിന് എന്തെങ്കിലും പരിഗണന നൽകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നേരത്തെ ഇരിക്കുന്ന സ്ഥലത്തിന് ഒരു പ്രാധാന്യം നൽകേണ്ടതാണ്. പക്ഷേ ഷാപ്പിനേക്കാൾ കൂടുതൽ പ്രാധാന്യം വിദ്യാലയങ്ങൾക്കും മതസ്ഥാപനങ്ങൾക്കും നമ്മൾകൊടുക്കുന്നതുകൊണ്ട്, മതസ്ഥാപനങ്ങളും വിദ്യാലയങ്ങളും പ്രായംകുറഞ്ഞതാണെങ്കിലും പ്രാമുഖ്യം കൊടുത്ത് മറ്റതു മാറ്റാൻ നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ: അമ്പലങ്ങളിലും പള്ളികളിലും പോകുന്ന ഭക്തൻമാർക്കെതിരായി ഇങ്ങനെയൊരു വിവേചനംകൊണ്ടു വന്നതു ശരിയാണോ? ഇതു പുനഃപരിശോധിച്ച് നിയമത്തിൽ ഭേദഗതി വരുത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേവാലയത്തിൽ പോകുന്നവർ കുടിക്കുമോ എന്നതിന്റെ അടിസ്ഥാനത്തിലാണ് ചിന്തിക്കേണ്ടത്; അവരുപയോഗിക്കുകയില്ലെന്നാണ് ഗവൺമെൻറിന്റെ വിശ്വാസം.

ശ്രീ. പി.പി. എസ്തോസ്: എക്സൈസ് റൂംസിൽ വരുത്തിയ ഒരു ഭേദഗതി പ്രകാരമാണ് 400 മീറ്റർ അകലെ മാത്രമേ പാടുള്ളൂ എന്നു വന്നത്. വളരെമുൻപ് റൂംസിൽ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടായിരുന്നില്ല. അടുത്തകാലത്തുവരുത്തിയിട്ടുള്ള ഭേദഗതിയുടെ ഫലമായി മദ്യവ്യവസായത്തിലെ തൊഴിലാളികൾക്കും വ്യവസായികൾക്കും, പ്രത്യേകിച്ചും തലശ്ശേരിയിൽ, ഉണ്ടായിട്ടുള്ള വൻപിച്ച നഷ്ടം കണക്കിലെടുത്ത് നഷ്ടപരിഹാരം കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേരളത്തിൽ മാത്രമാണ് ഇത്രയും അകലം വച്ചിട്ടുള്ളത്; മറ്റു പലയിടത്തും അടുത്തടുത്താണു ഷാപ്പുകൾ നടത്തുന്നത്. കേരളത്തിൽ ഇങ്ങനെയൊരു നിയമമുള്ളത് പാലിക്കപ്പെടാതിരിക്കാൻ നിവൃത്തിയില്ല. ലേലത്തിനുമുൻപ് ഈ വ്യവസ്ഥയെല്ലാം വിശദമായി വിളിച്ചുപറയുന്നു എന്നുള്ളതുകൊണ്ട് പിന്നെ ഷാപ്പുവയ്ക്കുന്നതെല്ലാം ഷാപ്പുടമയുടെ സ്വന്തം നഷ്ടത്തിൽ മാത്രമേ ആവുകയുള്ളൂ.

ഗിരിവർഗ്ഗക്കാരുടെ ചികിൽസാരീതികൾ നിലനിറുത്താൻ നടപടി

* 722 [785] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യ വികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ആദിവാസികളുടെ കലകൾ പുനരുദ്ധരിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

നിലനിറുത്തുന്നതിനും നടപടികളും സ്വീകരിച്ചിട്ടുള്ളതുപോലെ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ നിലവിലിരുന്ന ഫലപ്രദമായ ചികിൽസാരീതികളും നിലനിറുത്തുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി): സർ, (എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി.ജെ. ജോസഫ്: നമ്മുടെ ആദിവാസികളുടെയിടയിൽ വളരെ ഫലപ്രദമായ ചികിൽസാവിധികളുണ്ട്. ഇന്നു സോവിയറ്റു റഷ്യയിൽ വേദനയില്ലാത്ത സുഖകരമായ പ്രസവം സാധ്യമാണെന്ന് അടുത്തകാലത്ത് പത്രങ്ങളിൽ കാണുകയുണ്ടായി. അതുപോലെതന്നെ....

മി. സ്പീക്കർ: ആർഡർ, ആർഡർ, ചോദിക്കാനുള്ളതു ചോദിക്കണം.

ശ്രീ. വി.ജെ. ജോസഫ്: അതുപോലെതന്നെ ഇന്നത്തെ ആധുനിക ചികിൽസാവിധികളും സ്വീകരിക്കാത്തതന്നെ വേദനയില്ലാതെ വളരെ സുഖകരമായി.....

മി. സ്പീക്കർ: ആർഡർ, ആർഡർ. എന്താണിത്. ഇങ്ങനെയുള്ള സ്റ്റേറ്റ്മെന്റ് പാടില്ല, ചോദ്യം ചോദിക്കൂ.

ശ്രീ. വി.ജെ. ജോസഫ്: ഈ ചികിൽസാരീതി തുടരുകയും വിഷചികിൽസ മുതലായവ പ്രയോജനപ്പെടുത്തത്തക്കവിധത്തിൽ ഗിരിവർഗ്ഗക്കാരുടെ ചികിൽസാരീതികളെ പ്രയോജനപ്പെടുത്തുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: സ്വീകരിക്കുമോ എന്നാണു ചോദ്യം.

ശ്രീ. ദാമോദരൻ കാളാശ്ശേരി: സർ, ഗിരിവർഗ്ഗക്കാരുടെ പ്രാചീനവും പരമ്പരാഗതവും ആയിട്ടുള്ള ചികിൽസാസൗകര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് പ്രത്യേകമായിട്ടുള്ള താൽപ്പര്യം ഉള്ളതുകൊണ്ട് അതിന് ആവശ്യമായ പ്രത്യേക തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവരുടെ പരമ്പരാഗതമായ ചികിൽസാസൗകര്യങ്ങളും നിലനിർത്തുന്നതിന് ഹരിജൻ വെൽഫയർ ഡയറക്ടറേറ്റിന് പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പം തന്നെ ആധുനികരീതിയിലുള്ള നിരവധി ചികിൽസാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 18 ആയുർവ്വേദ ഡിസ്പെൻസറികളും 4 അലോപ്പതി ഡിസ്പെൻസറികളും ഏർപ്പെടുത്തിയിട്ടുണ്ട്. അവരുടെ ആരോഗ്യകാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. വി.ജെ. ജോസഫ്: എന്റെ ചോദ്യം ആദിവാസികളുടെ ഇടയിൽ വളരെ ഫലപ്രദമായി നടത്തപ്പെടുന്ന ചികിൽസാരീതികളെപ്പറ്റി പഠിക്കുന്നതിനും അവയിൽ ഗവേഷണം നടത്തുന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്താനും അവയിൽ പ്രചരണം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കാനും തയ്യാറാകുമോയെന്നാണ്.

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഗവേഷണം നടത്തുന്നതിനുള്ള നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ജോർജ് മാത്യു: വളരെയേറെ പുരാതനവും ഇൻഡ്യയിൽത്തന്നെ മുൻ കാലത്ത് വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ളതും ഇപ്പോൾ ചൈനയിൽ വളരെ പ്രചാരം ഉള്ളതു ആയ അക്യുപങ്ചർ പോലുള്ള ചികിൽസാ രീതികളെ പ്രോൽസാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അതിനുള്ള വല്ല പദ്ധതിയും ഇപ്പോൾ ഉണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. സുകുമാരനുണ്ണി: അട്ടപ്പാടിയിൽ ആദിവാസികളുടെ ഇടയിലുള്ള പരമ്പരാഗതമായ ചികിൽസാ രീതികളെ ഇപ്പോഴും നടന്നു വരുന്നുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ? അതിനെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികളെ എടുക്കുമോ? ഈ ലോകത്തിൽത്തന്നെ കാണാൻ സാധിക്കാത്ത ഒന്നുരണ്ട് പച്ച മരുന്നുകളെ അവരുടെ ഇടയിൽ കാണുന്നതായി അറിയാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനെപ്പറ്റി പരിശോധിക്കാം. പ്രത്യേകിച്ചും ആദിവാസികളെസംബന്ധിച്ചിടത്തോളം അവർ പ്രത്യേക കാലാവസ്ഥയിൽ ജീവിക്കുന്നവരാണ്. അവർക്ക് പ്രത്യേക ചികിൽസാ സൗകര്യങ്ങളെ ഉണ്ട്. പൊതുവിൽ അവരുടെ ഇടയിലുള്ള വൈദ്യൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് നല്ല വിശ്വാസമാണ്.

ശ്രീ. വി.കെ. രാജൻ: ഈ പച്ചമരുന്നുകളെ ഉപയോഗിച്ച് മുറിവും ചതവും വന്നാൽ ചികിൽസിക്കുന്നുണ്ട്. അതുപോലെ ഗർനേറിയോധനത്തിനും ഇതുപോലുള്ള പച്ചമരുന്നുകളെ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇപ്പോഴെ ഈ ഔഷധ ചെടികളെ വനങ്ങളിൽ കാണുന്നില്ല. ഔഷധ ചെടികളെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അത് വച്ചുപിടിപ്പിക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: മെഡിക്കൽ വകുപ്പാണ് അതിനെപ്പറ്റി ആലോചിക്കേണ്ടതും തീരുമാനിക്കേണ്ടതും.

ശ്രീ. എം.വി. രാഘവൻ: ഈ ആദിവാസികളുടെ ഇടയിലുള്ള ചികിൽസാ സമ്പ്രദായം പ്രോൽസാഹിപ്പിക്കുന്നതിന് ഹരിജൻമന്ത്രിയെ ഏൽപ്പിക്കുന്നതിന് പകരം മെഡിക്കൽ വകുപ്പിന് അതിനെപ്പറ്റി വല്ല പദ്ധതിയും ഉണ്ടോയെന്ന് പറയാമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): ആദിവാസികേന്ദ്രങ്ങളിൽ അവർക്ക് പ്രത്യേകമായ ചികിൽസാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ ഗവൺമെൻറിനെ ഉണ്ട്. ആ പ്രദേശങ്ങളിൽ പ്രത്യേകമായ ഡിസ്പെൻസറികളെ ആരംഭിക്കുന്നുണ്ട്.

ശ്രീ. എം.വി. രാഘവൻ: മെഡിക്കൽ സൗകര്യങ്ങളെപ്പറ്റിയല്ല ചോദിച്ചത്. ആദിവാസികളെ നടത്തുന്ന ചികിൽസാ സമ്പ്രദായം പ്രോൽസാഹിപ്പിക്കുന്നതിന് മെഡിക്കൽ വകുപ്പ് എന്തെങ്കിലും നടപടികളെ എടുക്കുമോയെന്നാണ് ചോദിച്ചത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അത് ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ.പി. രാമൻ: നിലമ്പൂർ വനങ്ങളിൽ ചോലനായ്ക്കൻമാർ പല രോഗങ്ങൾക്കും അടിമപ്പെട്ട് കഴിയുകയാണ്. ഇവരുടെ ഇടയിൽ ആധുനിക ചികിൽസാ സൗകര്യങ്ങളെ ഏർപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമോദരൻ കാളാശ്ശേരി: അവരുടെ ഇടയിൽ അവരുടെ രോഗങ്ങൾക്ക് അടിയന്തിരമായ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള സൗകര്യങ്ങൾ ഇപ്പോൾ തന്നെ ഉണ്ട്. അങ്ങനെ രോഗികളായിട്ടുള്ളവരെ ചികിൽസിക്കുന്നുണ്ട്.

ശ്രീ. സി.എ. കുര്യൻ: ഗിരിവർഗ്ഗക്കാരുടെ ഇടയിലുള്ള പഴയ ചികിൽസാ രീതികൾ നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഇപ്പോൾ മസൂരി വന്നാൽ 'അമ്മവിളയാട്ട'മെന്നാണ് ഇവർ പറയുന്നത്. ദേവിയുടെ കോപംകൊണ്ടാണ് എന്നു പറഞ്ഞുകൊണ്ട് മരുന്നുകൾ കൊടുക്കാതെ പലരും മരിക്കുകയാണ്. ആധുനിക വൈദ്യ സമ്പ്രദായം അവരുടെ ഇടയിൽ എത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: ഈശ്വര വിശ്വാസംകൊണ്ടും അന്ധവിശ്വാസംകൊണ്ടും ശരിയായ ചികിൽസകൾ കിട്ടാതെ പലരും മരണമടയുന്നുണ്ട്. ആധുനിക രീതിയിലുള്ള ചികിൽസാ സൗകര്യങ്ങൾ അവരുടെ ഇടയിൽ പ്രോൽസാഹിപ്പിക്കാൻ സാമൂഹ്യ പ്രവർത്തകരും കൂടി സഹകരിക്കുകയാണെങ്കിൽ നടപ്പിലാക്കാൻ കഴിയും.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ആദിവാസികളെ സംബന്ധിച്ചിടത്തോളം കൂടുതലും വന മദ്ധ്യങ്ങളിലാണ് താമസിക്കുന്നത്. മറ്റു ഡിസ്പെൻസറികളുമായി ബന്ധപ്പെടാൻ അവർക്ക് കഴിയുന്നില്ലെന്നുള്ളതുകൊണ്ട് മൊബൈൽ ഡിസ്പെൻസറികൾ ഏർപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: ഇന്ന് അവ നിലവിലുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ആദിവാസികൾ അവർ സൂക്ഷിച്ചുപോരുന്ന അന്ധവിശ്വാസങ്ങൾകൊണ്ടും അവരുടെ പഴയ തരത്തിലുള്ള ധാരണകളുടെയും എല്ലാം ഫലമായി ആണ് അവരുടെ ജനസംഖ്യ കുറയുന്നതും രോഗം വർദ്ധിക്കുന്നതും. അതുകൊണ്ട് അവരിൽനിന്നു ചികിൽസ പഠിക്കാൻ പോകുന്നതിനെക്കാൾ അവർക്ക് ശരിയായ രീതിയിലുള്ള ചികിൽസ കൊടുക്കാൻ നടപടികൾ എടുക്കുമോ?

ശ്രീ. രാമോദരൻ കാളാശ്ശേരി: നമ്മളെല്ലാംകൂടി ആത്മാർത്ഥമായി സഹകരിച്ചാൽ അവരുടെ ഇടയിൽ ആ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും; ഇപ്പോൾതന്നെ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

മദ്യഷാപ്പ് ലേലം

* 723 [786] ശ്രീ. എം.കെ. കേശവൻ:

,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മദ്യഷാപ്പ് ലേലം കഴിഞ്ഞ വർഷത്തേക്കാൾ എത്ര സംഖ്യ കൂടുതലിനാണ് ലേലം കൊണ്ടിട്ടുള്ളത്;

(ബി) മൊത്തം എത്ര തുക മദ്യഷാപ്പ് ലേലത്തിൽ ഈ വർഷം കിട്ടും?

LIBRARY ARCHIVES Kerala Legislative Assembly